


## ഗവ. എൽ. വി. എൽ. പി. എസ്. മുല്ലൂർ

# അക്കാദമിക മാസ്റ്റർ പ്ലാൻ 2025-26

# ആമുഖം

"പൊതു വിദ്യാലയങ്ങൾ — മികവിന്റെ കേന്ദ്രങ്ങൾ"

പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി, നമ്മുടെ പൊതുവിദ്യാലയങ്ങളെ ഗുണനിലവാരത്തിൽ മുൻപന്തി യിൽ നിർത്തുന്നതിന് ആവശ്യമായ അക്കാദമിക ഇടപെടലുകൾ ആസൂത്രണം ചെയ്യുന്നതിനാണ് ഓരോ വിദ്യാലയങ്ങളും അക്കാദമിക മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നത്. ആധുനികവിദ്യാഭ്യാസ സാഹചര്യങ്ങൾക്കനുസരിച്ചും പുതുതായി നടപ്പാക്കുന്ന വിദ്യാഭ്യാസ നയങ്ങൾക്കനുസരിച്ചും കുട്ടികളുടെ ബൗദ്ധിക, മാനസിക വളർച്ചയ്ക്ക് സഹായകമാകുന്ന രീതിയിലാണ് ഈ പദ്ധതി രൂപകൽപ്പന ചെയ്തിരിക്കുന്നത്.

പൊതുവിദ്യാഭ്യാസത്തെ മികച്ച രീതിയിൽ മുന്നോട്ടു കൊണ്ടുപോകാനും എല്ലാ കുട്ടികൾക്കും നിലവാരമുള്ള വിദ്യാഭ്യാസം ഉറപ്പാക്കാനും ആണ് ഈ മാസ്റ്റർപ്ലാനിന്റെ പ്രധാന ലക്ഷ്യം. എല്ലാ പൊതുവിദ്യാലയങ്ങളെയും മികവിന്റെ മാതൃകകളാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെ ഒരുക്കുന്ന ഈ മാസ്റ്റർ പ്ലാൻ, വിദ്യാലയത്തിന് മികച്ച വഴികാട്ടിയാവുമെന്നുറപ്പാണ്.

എല്ലാ ശൈക്ഷണിക പദ്ധതികളേയും ഉത്സാഹത്തോടെ ഏറ്റെടുക്കുന്ന ഗവ. എൽ വി. എൽ. പി. എസ്. മുല്ലൂരിലെ, സജീവമായ പി .ടി .എ, എം .ടി .എ, അധ്യാപക സംഘം , രക്ഷിതാക്കൾ, പൊതുസമൂഹം എന്നിവയുടെ സഹകരണത്തോടെ, പുതിയ വിദ്യാഭ്യാസ വർഷത്തിലും മികവിന്റെ പാതയിൽ തുടരണം എന്ന ദൃഢപ്രതിജ്ഞയോടെയാണ് ഈ പ്ലാൻ തയ്യാ റാക്കിയിരിക്കുന്നത്.

വിദ്യാലയത്തെ കൂടുതൽ മെച്ചപ്പെടുത്തുന്നതിനും കുട്ടികളുടെ സമഗ്ര പുരോഗതിക്കുമായി ആസൂത്രണം ചെയ്തിരിക്കുന്ന ഈ അക്കാദമിക മാസ്റ്റർപ്ലാൻ അതിന്റെ ഉദ്ദേശ്യങ്ങൾ നേടിയെടുക്കുമെന്ന ഉറപ്പോടെയും അഭിമാനത്തോടെയും സമർപ്പിക്കുന്നു.

ഹെഡ്മിസ്ട്രസ്<br>
പി. ടി. എ പ്രസിഡന്റ്<br>
എം. പി. ടി. എ പ്രസിഡന്റ്

# <u>വിദ്യാലയ ചരിത്രം</u>

1921 ൽ പെൺകുട്ടികളുടെ വിദ്യാഭ്യാസത്തിനായി മുക്കോലയിൽ ലക്ഷ്മി വിലാസം ഗേൾസ് സ്കൂൾ എന്ന പേരിൽ ശ്രീ. പൊന്നയ്യ നാടാർ സ്ഥാപിച്ച സ്കൂളാണിത്. പിന്നീട് ഈ സ്ഥാപനം ഗവൺമെന്റിന് കൈമാറി. സർക്കാറിന്റെ അന്നത്തെ നിയമമനുസരിച്ച് 1 ചക്രം കൊടുത്ത് സർക്കാർ ഏറ്റെടുത്ത വിദ്യാലയമാണിത്. 1963 ൽ 2 സ്കൂൾ കെട്ടിടങ്ങൾ ഗവൺമെന്റ് നിർമ്മിച്ചു. DPEP പദ്ധതിയുടെ ഭാഗമായി 2 ക്ലാസ് റൂമുകളും ഒരു CRC കെട്ടിടവും ലഭിച്ചു. സുനാമി ഫണ്ടിൽ നിർമ്മിച്ച 3 ക്ലാസ്സുറികളുള്ള ഒരു കെട്ടിടവും സ്കൂളിനുണ്ട്. നഗരസഭയുടെ ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ച 3 ക്ലാസ് മുറികളും കൂടി മുൻ കെട്ടിടത്തോട് ചേർന്ന് നിർമ്മിച്ചിട്ടുണ്ട്. ശ്രീ. കേശവൻ നാടാരാണ് സ്കൂളിന്റെ പ്രഥമ പ്രധാനാധ്യാപകൻ. രാധമ്മാളാണ് ആദ്യ വിദ്യാർത്ഥിനി. നിരവധി മേഖലകളിൽ പ്രഗത്ഭ്യം തെളിയിച്ചവർ ഈ സ്കൂളിലെ പൂർവ്വ വിദ്യാർത്ഥികളിൽ പെടുന്നു.

പ്രീ പ്രൈമറി ഉൾപ്പെടെ നാലാം ക്ലാസ് വരെ 151 കുട്ടികളാണ് ഈ വർഷം ഇവിടെ അധ്യയനം നടത്തുന്നത്.

ശ്രീമതി ഫ്ലോറി ബെൽ. D ആണ് ഇപ്പോഴത്തെ ഹെഡ്മിസ്ട്രസ്. കൂടാതെ ഒരു അധ്യാപകനും രണ്ട് അധ്യാപികമാരും ഒരു PTCM ഉം ഉണ്ട്. പ്രീ പ്രൈമറി വിഭാഗത്തിൽ രണ്ട് അധ്യാപികമാരും ഒരു ആയയും ഉണ്ട്. ഉച്ചഭക്ഷണം തയ്യാറാക്കുന്നതിന് ഒരു ജീവനക്കാരി ഉണ്ട്.